തൃശ്ശൂർ ജില്ലയിലെ താൽക്കാലിക നിയമനം

52 [2824] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്രപേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനത്തിലേക്കാണ് നിയമനം നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) താൽക്കാലിക നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 803 പേർക്ക് താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

(ബി) മിൽമ, ഔഷധി, കേരള ഹെഡ് ലോഡ് വർക്കർ വെൽഫെയർ ബോർഡ്, ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, തൃശ്ശൂർ മുനിസിപാലിറ്റി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, ചാലക്കുടി, മോട്ടോർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള ലക്ഷ്മി മിൽസ്, പാലാഴി, കേരളാ ഫീഡ്സ്, വിയ്യൂർ സെൻട്രൽ പ്രിസൺ, ഗവൺമെന്റ് ജുവനൈൽ ഹോം, തൃശ്ശൂർ കളക്ടറേറ്റ്, കേരളാ സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡ്, അസിസ്റ്റന്റ് ഡയറക്ടർ വി.എച്ച്.എസ്.ഇ. തൃശ്ശൂർ, ഡെപ്യൂട്ടി ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, കോ-ഓപ്പറേറ്റീവ് സർവ്വീസ് ബാങ്ക്, ചേർപ്പ് ഡി.ഡി.ഇ. തൃശ്ശൂർ, വൈൽഡ് ലൈഫ് ഡിവിഷൻ, പീച്ചി, വിനോദ സഞ്ചാര വകുപ്പ്, ഡി.എം.ഒ. (ഹെൽത്ത്), കുന്ദംകുളം മുനിസിപ്പാലിറ്റി, കാംകോ, അത്താണി, ടെയിലറിംഗ് വെൽഫെയർ ഫണ്ട് ബോർഡ്, 7-ാം കേരളാ ബറ്റാലിയൻ, 23-ാം കേരള ബറ്റാലിയൻ കെ.എൽ.ഡി. ബോർഡ്, കേരളാ സ്റ്റേറ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഫോർ എസ്. സി./എസ്. റ്റി., കേരളാ കാർഷിക സർവ്വകലാശാല, ഹോർട്ടികൾച്ചർ കോളേജ്, മണ്ണുത്തി, കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, വെള്ളാനിക്കര, മെഡിക്കൽ കോളേജ്, തൃശ്ശൂർ, തൃക്കാക്കര ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിലേക്കാണ് നിയമനം നൽകിയിട്ടുള്ളത്.

(സി) ഉദ്യോഗദായകൻ ഒഴിവുകൾ അറിയിക്കുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പാലിച്ചുവരുന്ന കമ്മ്യൂണൽ റൊട്ടേഷൻ റൊസ്റ്റർ അനുസരിച്ച് പ്രസ്തുത ഒഴിവുകൾ സാമുദായിക സംവരണ ക്രമപ്രകാരം ഓരോ സമുദായത്തിന് ബുക്ക് ചെയ്ത് നിലവിലുള്ള നിയമ പ്രകാരം ജില്ലാ തലത്തിൽ സർക്കുലേറ്റ് ചെയ്ത് ഓരോ സാമുദായിക വിഭാഗത്തിനും ബുക്ക് ചെയ്ത ഒഴിവിലേക്ക് അതാത്

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ അവരുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിചയം എന്നിവ കണക്കിലെടുത്ത് സീനിയോറിട്ടി ക്രമത്തിലാണ് നാമനിർദ്ദേശം ചെയ്തുവരുന്നത്. ഒരു താൽക്കാലിക ഒഴിവിന് ഒൻപതു പേരെ നാമനിർദ്ദേശം ചെയ്യപ്പെടുന്നുമുണ്ട്.

തൃശ്ശൂരിലെ നോക്കുകൂലി പ്രശ്നം

53 [2825] ശ്രീ. ഡി. സുഗതൻ :

,, സി. പി. മുഹമ്മദ് :

,, എ. സുജനപാൽ :

,, ടി. യു. രാധാകൃഷ്ണൻ :

,, പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ ചെയ്യാതെ കൂലി ആവശ്യപ്പെടുന്ന ചുമട്ടുതൊഴിലാളികളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽ ചെയ്യാതെ കൂലി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ ജോലികൾ നിർവഹിക്കേണ്ടതില്ലെന്ന് പ്രസ്തുത കോർപ്പറേഷനിലെ വർക്ക് കോൺട്രാക്ടർമാർ തീരുമാനിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി പഞ്ചായത്തിൽ ഇത്തരമൊരു പ്രവണതയുള്ളതായി പേരു വെളിപ്പെടുത്താതെ ഒരു പരാതി ലേബർ കമ്മീഷണർക്ക് ലഭിച്ചു. അതിൻമേൽ അന്വേഷണം നടത്തിയെങ്കിലും കൂടുതൽ വിവരങ്ങൾ അറിയാൻ കഴിഞ്ഞില്ല.

(ബി) മുനിസിപ്പൽ കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ ജോലികൾ നിർവ്വഹിക്കേണ്ടതില്ല എന്ന് തീരുമാനമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തൃശ്ശൂർ കോർപ്പറേഷന്റെ വിവിധ ഭാഗങ്ങളിൽ ടിപ്പർ ലോറിയിൽ മരാമത്ത് പണിക്ക് ആവശ്യമായ മെറ്റീരിയൽസ് ഇറക്കുമ്പോൾ നോക്കുകൂലി ആവശ്യപ്പെട്ട് വിവിധ തൊഴിലാളി യൂണിയനുകളിൽപ്പെട്ട തൊഴിലാളികൾ തൊഴിൽ തടസ്സം സൃഷ്ടിക്കുന്നതായി 3-1-2005-ൽ തൃശ്ശൂർ കോർപ്പറേഷൻ കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly